# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 626 19-03-2013 ലെ മറുപടിയ്ക്ക്

### ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;<br><br>(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ? | (എ)യും (ബി)യും<br>ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യാജ ഒപ്പിട്ട് വൗച്ചറുകൾ ഹാജരാക്കി ഏജന്റ് പ്രൈസ് കൈപ്പറ്റിയതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ ഭാഗ്യക്കുറി ഓഫീസിലും, പണം തിരിമറി നടത്തിയതുമായി ബന്ധപ്പെട്ട് കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിലും ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ ഒപ്പിട്ട് വൗച്ചറുകൾ ഹാജരാക്കി ഏജന്റ് പ്രൈസ് കൈപ്പറ്റിയ വിഷയത്തിൽ പോലീസ് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിലെ ക്യാഷ്യർ ക്യാഷ് ട്രാൻസാക്ഷനിൽ തിരിമറി നടത്തി പണം അപഹരിച്ചതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയും ഇതിനെ തുടർന്ന് ജില്ലാ ഭാഗ്യക്കുറി ഓഫീസർ, അസ്സി. ജില്ലാ ഭാഗ്യക്കുറി ഓഫീസർ, ജൂനിയർ സൂപ്രണ്ട്, ക്യാഷ്യർ തുടങ്ങിയ ഓഫീസർമാരെ സസ്പെൻഡ് ചെയ്യുകയും പോലീസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.